## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.245.** **09/07/2014-ലെ മറുപടിക്ക്.**

## വിദ്യാർത്ഥികളിൽ കരിയർ അവബോധം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ. | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) വിദ്യാർത്ഥികളിൽ കരിയറിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും പ്രാഥമിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ച് ഹയർ സെക്കൻഡറി തലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരം നൽകാമോ; | (എ) ഹയർ സെക്കൻഡറി വിദ്യാർത്ഥികളിൽ കരിയറിനെ കുറിച്ച് അവബോധം വളർത്തുന്നതിനും പ്രാഥമിക പരിശീലനം നൽകുന്നതിനും വ്യത്യസ്തപരിപാടികൾ ഹയർ സെക്കറി വിദ്യാഭ്യാസ വകുപ്പ് നടത്തി വരുന്നു.<br><br>സംസ്ഥാനത്തെ 1070 സ്കൂളുകളിലാണ് കരിയർ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. പരിശീലനം സിദ്ധിച്ച ഒരു അധ്യാപകനോ അധ്യാപികയോ വിദ്യാർത്ഥികൾക്ക് കരിയർ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഗൈഡായി ചുമതലപ്പെടുത്തിയിട്ടുണ്ട് വിദ്യാർത്ഥികൾ പഠിക്കുന്ന അതത് വിഷയത്തിലെ തൊഴിൽ പഠന സാധ്യതകളെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.<br><br>സിവിൽ സർവ്വീസസ് മേഖലയിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമിയുമായി സഹകരിച്ച് സിവിൽ സർവ്വീസ് പരീക്ഷയെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശ ക്ലാസ്സുകൾ സംസ്ഥാനത്തെ ഏഴു കേന്ദ്രങ്ങളിൽ വച്ച് സംഘടിപ്പിച്ചിരുന്നു. പ്ലസ്ടു കഴിഞ്ഞ് ഓരോ വിഷയത്തിലുള്ള വിവിധ തൊഴിൽ പഠന സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ഉപകരിക്കത്തക്ക രീതിയിൽ ഒരു കൈപ്പുസ്തകം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട് |

(..2)

പുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി ഹയർ സെക്കണ്ടറിയുടെ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. പുസ്തകം അച്ചടിച്ച ശേഷം ഓരോ സ്ക്കൂളിനും സൗജന്യമായി നൽകുവാൻ ഉദ്ദേശിക്കുന്നു.

ഡിസൈനിംഗിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്കായി ഡിസൈനിംഗ് മേഖലയിലെ തൊഴിൽ പഠന സാധ്യതകളെക്കുറിച്ച് പ്രത്യേക പരിപാടി സംഘടിപ്പിച്ചിരുന്നു.അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് നാലു ദിവസത്തെ സംസ്ഥാനതല ശിൽപ്പശാല നടത്തി. തുടർന്ന് അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിംഗിൽ 5 ദിവസത്തെ പരിപാടിയിൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കുവാൻ അവസരം ഉറപ്പാക്കുകയും ചെയ്തു.

| | | |
|---|---|---|
| (ബി) | ഏതൊക്കെ മേഖലകളെയാണ് പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) കുട്ടികൾ പഠിക്കുന്ന അതത് വിഷയങ്ങളിലെ തൊഴിൽ പഠന സാധ്യതകളെ ക്കുറിച്ചും സിവിൽ സർവ്വീസ് പരീക്ഷയെക്കുറിച്ചുമാണ് വിദ്യാർത്ഥികൾക്ക് 2014-15 വർഷത്തിൽ പരിചയപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇതിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; എല്ലാ വിദ്യാർത്ഥികളെയും തെരഞ്ഞെടുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമോ ? . | (സി) സ്ക്കൂൾ തലത്തിൽ അധ്യാപകർ തെരഞ്ഞെടുക്കുന്ന മികവുറ്റ വിദ്യാർത്ഥികളെ ജില്ലാ തലത്തിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തിയാണ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തത്. സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമിയാണ് ജില്ലാതല പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയത്. (ഇ) യും യും സ്ക്കൂൾതല പരിപാടികൾക്ക് സ്ക്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തുന്നു |

**സെക്ഷൻ ഓഫീസർ.**